**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4729** **13-03-2023 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കുളങ്ങൾ, ചെറുകിട ജലാശയങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും കയ്യേറ്റങ്ങൾ തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കുളങ്ങൾ, ചെറുകിട ജലാശയങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിച്ച് പുനരുജ്ജീവിപ്പിച്ച് ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കുളങ്ങളിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കലും, ചളിയും നീക്കം ചെയ്ത് ജലനിർഗ്ഗമനചാലുകൾ പ്രവർത്തന സജ്ജമാക്കുക, തോടുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചളി/എക്കൽ നീക്കംചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണം നിർവ്വഹിക്കുക, പുഴകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചളി/മണൽ എന്നിവ നീക്കം ചെയ്യുക, പുഴകളിലും വലിയ തോടുകളിലുമുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞു കൂടിയിട്ടുള്ള ചളി/എക്കൽ/മണൽ എന്നിവനീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവ്വഹിച്ചുവരുന്നത്. ഇത്തരത്തിൽ നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കി മാറ്റുന്നതിനായി ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തടപ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്നു.<br><br>ജലാശയങ്ങളിലെ കയ്യേറ്റ നടപടികൾ റവന്യൂ വകുപ്പിൽ അറിയിക്കുകയും, ആയത് സർവ്വേ ചെയ്തു കയ്യേറ്റം ഉണ്ടെന്നു തെളിയുന്ന പക്ഷം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. ഒപ്പം പൊതുജനങ്ങൾക്ക് കൈയ്യേറ്റം പരാതിപ്പെടുന്നതിനായി ജലസേചന വകുപ്പിന്റെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരം ജലാശയങ്ങൾ മാലിന്യമുക്തമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു | (ബി) | ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നേരിട്ട് നടപടി എടുക്കുന്നതിനും പിഴചുമത്തുന്നതിനും |

| | | | |
|---|---|---|---|
| | എന്ന് വ്യക്തമാക്കുമോ? | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് എന്നിവർക്ക് അധികാരമുണ്ട്. 2003 ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപി ക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും കഴിയും. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതിവരുത്തുകയും (2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം) ശിക്ഷ/പിഴ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കേസ്സ് ഫയൽ ചെയ്യേണ്ടതാണ്. മൂന്ന് വർഷം വരെ തടവും പരമാവധി രണ്ടു ലക്ഷംരൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ലഭിക്കുന്നത്. പ്രസ്തുത നിയമഭേദഗതിക്കു ശേഷം, ഇത്തരമൊരു നിയമം നിലവിലുണ്ടെന്ന് പൊതുജന അവബോധം വളർത്താനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും മാലിന്യനിക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ പോലീസ്സ്റ്റേഷനിൽ പരാതി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ബഹു:ദേശീയ ഹരിതട്രൈബ്യൂണലിന്റെ 20-09-2019-ലെ ഉത്തരവനുസരിച്ച് 30-04-2019 ലെ സർക്കാർ ഉത്തരവ് (കൈ) 12/2019/ജവിവ നമ്പർ പ്രകാരം 'റിവർ റിജ്യൂവനേഷൻ കമ്മിറ്റി' (RRC) രൂപീകരിച്ചിട്ടുണ്ട്. വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡ് കണ്ടെ ത്തിയ, കേരളത്തിലെ 21 നദീഭാഗങ്ങളുടെ മലിനീകരണ ലഘൂകരണ നിയന്ത്രണ പദ്ധതിരേഖ ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കുകയും, നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ